(രജിസ്റ്റർ ചെയ്ത കൈപ്പറ്റുചീട്ട് സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-7/981/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി ജില്ല, തൊടുപുഴ
Phone No : 04862 227332
*E-mail : doidk.ksad@kerala.gov.in*

തീയതി. 00.00.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

സർ

വിഷയം :- കരിങ്കുന്നം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ്സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.ഐഡി.കെ-7/981/2018

തീയതി.04.10.2018

## ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(**1994**ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് **215(4), 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13,**
**1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

*************************

ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 25.07.2017 മുതൽ 16.07.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം.വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.07.2018 മുതൽ 24.07.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലേഖ വി | ഓഡിറ്റ് ഓഫീസർ |
| | സണ്ണി എം.യു | അസി.ഓഡിറ്റ് ഓഫീസർ |
| | ബെന്നി മാത്യു | സീനി.ഗ്രേഡ് ഓഡിറ്റർ |
| | എബി എബ്രഹാം | സീനി.ഗ്രേഡ് ഓഡിറ്റർ |
| | മായ കൃഷ്ണൻ | ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ബീന ബിജു | 01.04.2017മുതൽ 31.03.2018 വരെ |
| സെക്രട്ടറി | സുരേഷ് .എം | 01.04.2017 മുതൽ 13.06.2017 വരെ |

| | | |
|---|---|---|
| | ഉഷ എ.ആർ | 14.06.2017 മുതൽ 31.03.2018വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ. റേച്ചൽ പി.ജോസഫ്<br>ഡോ.വിജീഷ വിജയൻ | 01.04.2017 മുതൽ 01.08.2017 വരെ<br>02.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽഓഫീസർ(ആയുർവ്വേദം) | ഡോ. ജ്യോതി ലക്ഷ്മി എൽ. | 01.04.2017 മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. അനു വിജയൻ | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 1.സബിത<br>2.ജോജോ സേവ്യർ<br>3. ശ്രീജ ആർ നായർ | 01.04.2017 മുതൽ 19.09.2017 വരെ<br>20.09.2017 മുതൽ 31.03.2018 വരെ<br>01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 1.സുധർമ്മണിയമ്മ എൽ.<br>2.ജൂലി എം ജോസഫ്<br>3.മരിയ ജോർജ്ജ് | 01.04.2017 മുതൽ 31.08.2017 വരെ<br>01.09.2017 മുതൽ 31.08.2017 വരെ<br>01.09.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | 1.ഡോ. ജിജിമോൻ ജോസഫ്<br>2.ഡോ.സുജ സെബാസ്റ്റ്യൻ | 01.04.2017 മുതൽ 16.06.2017 വരെ<br>17.06.2017 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ലൂസി ജോർജ്ജ്<br>ഗവ.എൽ.പി.എസ്.കരിങ്കുന്നം | 01.04.2017 മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ഐവി കോശി | 01.04.2017 മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനീയർ | കുട്ടിച്ചൻ എം. കല്ലട | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം | ഖണ്ഡിക നം. | ഖണ്ഡിക | പേജ് നമ്പർ |
|---|---|---|---|
| 1 | 1-1 | ബജറ്റ്. | |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക. | |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | |
| 4 | 1-4 | സാമ്പത്തിക വിശകലനം. | |
| 5 | 1-5 | ഫണ്ട് വിനിയോഗം. | |

| | | | |
|---|---|---|---|
| 6 | 1-6 | പദ്ധതി അവലോകനം. | |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി | |
| 8 | 1-8 | ക്ഷേമ പദ്ധതികൾ. | |
| 9 | 1-9 | കാഷ് വെരിഫിക്കേഷൻ. | |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം. | |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം. | |
| 12 | 1-12 | വാർഷിക കണക്കിലെ അപാകതകൾ | |
| ഭാഗം-2. വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ. | | | |
| 13 | 2-1 | വസ്തു നികുതി, കുടിശികയിനത്തിലെ വ്യത്യാസം-ബജറ്റ് കണക്കുകളിലെ വ്യത്യാസം സംബന്ധിച്ച് | |
| 14 | 2-2 | ഗാർഹികാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു. | |
| 15 | 2-3 | ഗുരുതര ചട്ടലംഘനങ്ങൾ അവഗണിച്ച് ഒക്യുപൻസ് നൽകി. | |
| 16 | 2-4 | തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | |
| 17 | 2-5 | തനത് ഫണ്ട് അക്കൗണ്ടിലെ അപാകതകൾ | |
| 18 | 2-6 | വാണിജ്യാവശ്യത്തിനായി വസ്തു നികുതി നിർണ്ണയിച്ച സ്ഥാപനങ്ങൾക്ക് ഡി.ആന്റ് ഒ. ലൈസൻസ് നൽകിയതിൽ ആനുപാതിക കുറവ് | |
| ഭാഗം-3 .ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 19 | 3-1 | വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം | |
| 20 | 3-2 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പാലിന് സബ്സിഡി എന്ന പ്രോജക്ടിൽ അധിക സബ്സിഡി നൽകി. | |
| 21 | 3-3 | പി.എച്ച്.സി. മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് | |
| 22 | 3-4 | തെരുവ് വിളക്ക്-പരിപാലനത്തിലെ അപാകതകൾ | |

| | | | |
|---|---|---|---|
| 23 | 3-5 | നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. | |
| 24 | 3-6 | എച്ച്.എം.സി-വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. | |
| ഭാഗം-4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 25 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം. | |
| 26 | 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ. | |
| 27 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് | |
| 22 | 4-4 | വായ്പ / വായ്പാ തിരിച്ചടവ്. | |
| 23 | 4-5 | സ്ഥിര നിക്ഷേപങ്ങൾ. | |
| 24 | 4-6 | ഓഡിറ്റ് റിക്കവറി. | |
| 25 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | |
| 26 | 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | |
| 27 | 4-9 | ഓഡിറ്റ് പ്രത്യവലോകനം. | |
| 28 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടു കൾ | |
| അനുബന്ധം | | | |
| 29 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 30 | അനുബന്ധം-2 | 1) റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>2) ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>3) ബാലൻസ് ഷീറ്റ് | |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് 16.3.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പാസ്സാക്കിയിട്ടുണ്ട്.

26.3.2018 ലെ 1-ാം നമ്പർ തീരുമാന പ്രകാരം പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള വരവ്ചെലവ് തുകകളും വാർഷിക കണക്ക പ്രകാരമുള്ള വരവ്ചെലവ് തുകകളും ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബജറ്റ് പ്രകാരം | 631042 | 62434961 | 63066003 | 59468610 | 4228435 |
| വാർഷിക കണക്ക പ്രകാരം | 10468214.41 | 43465831 | 53934045.41 | 44577347 | 9356698.41 |

വാർഷിക കണക്കിലെയും ബജറ്റിലെയും തുകകൾ തമ്മിൽ വളരെയേറെ വ്യത്യാസം കാണുന്നു.

04.03.17ലെ 2017-18ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ബഡ്ജറ്റ് അംഗീകരിക്കുന്നതിനുള്ള യോഗത്തിൽ 66,00,000/- രൂപയാണ് വസ്തു നികുതിയിനത്തിൽ പ്രതീക്ഷിത വരുമാനം രേഖപ്പെടുത്തിയിരിക്കുന്നത്.

06.11.17 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗത്തിൽ 2017-18ലെ വസ്തുനികുതിയിനത്തിൽ അന്നു വരെയുള്ള വസ്തുനികുതി, ലഭിക്കുവാനുള്ളത് 50,53,501/- , 31.10.17 വരെ കളക്ഷൻ 9,02,050/-, കുടിശ്ശിക41,54,976/- എന്നിങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു.

എന്നാൽ 03.02.18 ലെ 2017-18ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പുതുക്കിയ ബഡ്ജറ്റ് അംഗീകരിക്കുന്നതിനുള്ള യോഗത്തിൽ വസ്തുനികുതിയുടെ പ്രതീക്ഷിത വരുമാനം 30,00,000/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. യഥാർത്ഥ്യ ബോധത്തോടെ ബജറ്റ് അവതരിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 1.6.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.6.18-21.6.18 | നം.കെ.എസ്.എ-ഐ.ഡ്.കെ-3/677/2018(8) തീ.29.08.2018 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10468214.41 |
| വരവ് | 43465831 |
| ആകെ | 53934045.41 |
| ചെലവ് | 44577347 |
| നീക്കിയിരിപ്പ് | 9356698.41 |

## 1-5 ഫണ്ട് വിനിയോഗം

| നം. | ഫണ്ട് ഇനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | 0 | 8335000 | 8335000 | 5978126 | 2356874 |
| 2 | വികസനഫണ്ട് (എസ്.സി.പി.) | 0 | 1988785 | 1988785 | 1988785 | 0 |
| 3 | വികസനഫണ്ട് (ടി.എസ്.പി.) | 0 | 272889 | 272889 | 272888 | 1 |
| 4 | സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8180000 | 8180000 | 7135739 | 1044261 |
| 5 | സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 2591000 | 2591000 | 2591000 | 0 |
| 6 | സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 3914495 | 3914495 | 3548435 | 366060 |
| 7 | കെ.എൽ.ജി.എസ്.ഡി.പി | 0 | 2789549 | 2789549 | 2789549 | 0 |
| 8 | സാക്ഷരത | 9261 | 50000 | 59261 | 44854 | 14407 |
| 9 | ദുരിതാശ്വാസ നിധി | | | | | |
| 10 | എം.ജി.എൻ.ആർ.ഇ.ജി.എ. തൊഴിലാളികളുടെ കൂലി | 0 | 8724263 | 8724263 | 8724263 | 0 |
| | എം.ജി.എൻ.ആർ.ഇ.ജി.എ. അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1110 | 2348522 | 2349632 | 2345469 | 4163 |
| 11 | കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| 1 | ഐ.സി.ഡി.എസ് | 152980 | 452997 | 605977 | 218512 | 387465 |
| 2 | റ്റി.എസ്.സി | 130000 | 924000 | 1054000 | 170000 | 884000 |
| 3 | എസ്.എസ്.എ | 231129 | 8608 | 239737 | 0 | 239737 |
| 4 | ആർ.ജി.പി.എസ്.എ | 1400000 | 0 | 1400000 | 1323019 | 76981 |
| 5 | ബി.പി.എൽ(സ്പെസിഫിക് പർപ്പസ്) | 84 | 0 | 84 | 0 | 84 |

| | | | | | | |
|---|---|---|---|---|---|---|
| 12 | സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| 1 | എം.എൽ.എ.ഫണ്ട് | 0 | 1806735 | 1806735 | 472649 | 1334086 |
| 2 | റ്റി.എസ്.സി(ഹരിതകേരളം) | 14105 | 25000 | 39105 | 12935 | 26170 |
| 3 | ആശ്രയ | 0 | 504167 | 504167 | 0 | 504167 |
| 13 | ജോയിന്റ് വെഞ്ച്വർ ബ്ലോക്ക് പഞ്ചായത്ത് | 0 | 95000 | 95000 | 95000 | 0 |
| | ജോയിന്റ് വെഞ്ച്വർ ജില്ലാ പഞ്ചായത്ത് | 0 | 51697 | 51697 | 51697 | 0 |
| 14 | ബി ഫണ്ട് | 0 | 18436100 | 18436100 | 18436100 | 0 |
| 15 | ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 6020704 | 6020704 | 6020704 | 0 |
| 16 | തനത് ഫണ്ട് | | | | | |
| 1 | തനത് ഫണ്ട്-ബാങ്ക് അക്കൗണ്ട് | 4688881.41 | 7947044 | 12635925.41 | 7176279 | 5459646.41 |
| 2 | തനത് ഫണ്ട്-ഇ-പേയ്മെന്റ് | 0 | 15013 | 15013 | 0 | 15013 |
| 3 | തനത് ഫണ്ട്-ട്രഷറി അക്കൗണ്ട്. | 3594040 | 40859 | 3634899 | 3379318 | 255581 |

## 1-6 പദ്ധതി അവലോകനം

2017-18 വർഷത്തെ പദ്ധതി തയ്യാറാക്കുന്നതിനായി എല്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെയും യോഗങ്ങൾ ചേരുകയും സ്റ്റാറ്റസ് റിപ്പോർട്ട് ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി തയ്യാറാക്കുന്നതിൽ നിയമപരമായ ചുമതലകൾ നിറവേറ്റുന്നതിൽപിന്നോക്കം പോകുന്നതായി മിനിറ്റ്സ് ബുക്ക് പരിശോധനയിൽ വ്യക്തമാവുന്നു. പദ്ധതി നിർദ്ദേശങ്ങൾ ഗ്രാമസഭായോഗങ്ങളിൽ അവതരിപ്പിച്ചിട്ടുണ്ട്. 2017-18വർഷത്തെ വാർഷിക പദ്ധതിയ്ക്ക് 23.2.2018 ലെ 50/17/ ഡിപിസി /ഡിപിഒ/ ഇടുക്കി ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചു. 2017-18 ൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ 23.2.2017, 7.3.2017, 26.4.2017, 19.6.2017 തീയതികളിൽ നടന്നിട്ടുണ്ട്.തൻ വർഷം വികസന സെമിനാർ 26.4.2017ൽ ചേർന്നു. കരട് പദ്ധതി നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിയ്ക്കുന്നതിനും ഗുണഭോകാതാക്കളെ തെരഞ്ഞെടുക്കുന്നതിനും 8.3.2017 മുതൽ 12.3.2017 വരെയുള്ള തീയതികളിൽ ഗ്രാമസഭകൾ യോഗം ചേർന്നിട്ടുണ്ട്.ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുന്നതിനായി 10.11.2017 മുതൽ 15.11.2017 വരെ ഗ്രാമസഭകൾ യോഗം ചേർന്നിട്ടുണ്ട്.2017-18 വർഷം വാർഷിക പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഊരുകൂട്ടം 14.3.2017ൽ യോഗം ചേർന്നു,കരട് വികസനരേഖ സ്റ്റാറ്റസ് റിപ്പോർട്ട് എന്നിവ അംഗീകരിയ്ക്കുന്നതിന് 13.3.2017 ന് ഗ്രാമസഭാ യോഗം ചേർന്നു. തൻ വർഷം 16.9.2017 ,20.11.2017 ,13.12.2017 എന്നീ തീയതികളിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 101 | 43583539 | 70 | 26536650 | 27 | 4 | 70 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

തൻ വർഷം താഴെ പറയുന്ന പ്രോജക്ടുകൾ പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക |
|---|---|---|---|
| 1 | 90/18 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി | 80000/- |
| 2 | 104/18 | സെന്റ് അഗസ്റ്റ്യൻസ് സ്കൂളിന് സമീപം സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കൽ | 52000/- |
| 3 | 101/18 | വയബിൾ ഗ്യാപ് ഫണ്ട് | 200000/- |
| 4 | 114/18 | സെന്റ് അഗസ്റ്റ്യൻസ് സ്കൂളിന് സമീപം സൈഡ് കെട്ട്/കമ്പിലവേലി സ്ഥാപിക്കൽ | 250000/- |

ഏറ്റവും കൂടുതൽ അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ പഞ്ചായത്തിൽ തൊഴിലാളികളുടെ ആരോഗ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനായി പ്രതിരോധ കുത്തിവയ്പ്പ് നടത്തിയിട്ടുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്.

പദ്ധതി മാർഗ്ഗരേഖ പ്രകാരം വാർഡ് അടിസ്ഥാനത്തില്ലാതെ തദ്ദേശ സ്വയം ഭരണസ്ഥാപനത്തെ ഒറ്റയൂണിറ്റായി വിഭാവനം ചെയ്തുകൊണ്ടുള്ള വികസനതന്ത്രവും സമീപനവുമാണ് സ്വീകരിയ്ക്കേണ്ടത്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ വാർഡടിസ്ഥാനത്തിലാണ് പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളത്.

നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 8 | 6 | 3763000 | 3343847 | 88.86 |
| കൃഷി ഓഫീസർ | 3 | 3 | 607500 | 584697 | 96.24 |
| വെറ്ററിനറി സർജൻ | 4 | 4 | 1399650 | 905096 | 64.66 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 224260 | 224260 | 100 |
| ഹെഡ്മാസ്റ്റർ ഗവ.എൽ.പി.സ്കൂൾ | 4 | 2 | 914124 | 784124 | 85.77 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 5 | 810000 | 797500 | 98.45 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 141000 | 140900 | 99.92 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | 1 | 250000 | 250,000 | 100 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 8 | 7 | 4143900 | 2485135 | 59.97 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 9 | 7 | 1595000 | 705528 | 44.23 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 5 | 3157717 | 2454596 | 77.73 |

| | | | | | |
|---|---|---|---|---|---|
| അസി. എഞ്ചിനീയർ, തസ്വഭവ | 48 | 27 | 26577388 | 13860967 | 52.15 |
| ആകെ | 101 | 70 | 43583539 | 26536650 | 60.88 |

തൻ വർഷം ലഭ്യമായ ആകെ പദ്ധതി വിഹിതത്തിന്റെ 60.88 %തുക മാത്രമാണ് ഗ്രാമപഞ്ചായത്തിന് ചെലവഴിയ്ക്കാൻ സാധിച്ചിട്ടുള്ളൂ. പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും കൂടുതൽ അവധാനത പുലർത്തേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1110 | 2348522 | 2349632 | 2345469 | 4163 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 8724263 | 8724263 | 8726263 | --- |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിതവേതനം | 12600 | 22 |
| കർഷകതൊഴിലാളി പെൻഷൻ | 2304500 | 196 |
| വിധവ പെൻഷൻ | 3874000 | 328 |
| വാർദ്ധക്യകാല പെൻഷൻ | 10197200 | 797 |
| വികലാംഗപെൻഷൻ | 1778800 | 155 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായവർക്കുള്ള പെൻഷൻ | 161000 | 18 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.7.2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3351/- രൂപയുടെ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വിവിധ ഓഫീസ് ഉത്തരവുകൾ പ്രകാരം ജീവനക്കാർക്ക് ജോലി വിഭജനം ചെയ്ത് നൽകിയിട്ടുണ്ട്. പഞ്ചായത്ത് ജനറൽ കമ്മിറ്റി, വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടെ മിനിറ്റ്സ് ബുക്ക് സൂക്ഷിക്കുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനവും ജനറൽ കമ്മിറ്റി തീരുമാനവും നടപ്പാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിന് തുടർ മോണിറ്ററിംഗ് നടത്തുന്നില്ല. നികുതികൾ കൃത്യസമയത്ത് ഡിമാന്റ് ചെയ്യുകയും കുടിശിക പിരിച്ചെടുക്കുന്നതിന് ശ്രമം നടത്തുകയും ചെയ്യുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ തപാൽ ലഭിക്കുമ്പോൾ തന്നെ സൂചികയിൽ ചേർത്ത് അതാത് സെക്ഷനുകൾക്ക് കൈമാറി തുടർ നടപടി സ്വീകരിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം പൊതുവെ തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.6.2018 | 4/2018& 5/2018 | 4.7.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.8.2008 | 1997-98& 2007-2008 | 20.10.2008 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. | ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് (450230101) നീക്കിയിരിപ്പ് ബാങ്ക് പാസ് ബുക്കുമായി പൊരുത്തപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഖണ്ഡിക 2-5 ൽ പരാമർശിക്കും പ്രകാരം അപാകതകൾ കാണുന്നു. |
| 2. | B-4 പത്രികയിൽ എസ്.എസ്.എ-യുടെ ഹെഡിൽ ₹14134/- മാത്രമാണ് ചെലവഴിക്കാനവശേഷിക്കുന്നത്. എന്നാൽ പ്രസ്തുത സ്കീമിന്റെ ബാങ്ക് അക്കൗണ്ടിൽ (450410102, B-17) ₹239737/- നീക്കിയിരുപ്പുള്ളതായി കാണുന്നു. തെറ്റായ അക്കൗണ്ടിംഗ് മൂലമാണ് ₹225603/-യുടെ വ്യത്യാസമുണ്ടായത്. |
| 3. | വസ്തുനികുതി നികുതി രജിസ്റ്റർ പ്രകാരമുള്ള വരവ് തുകകളുമായി വാർഷികകണക്കുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. |
| 4. | തൊഴിൽ നികുതി രജിസറ്ററിലെ ഡിമാന്റ്, ബാലൻസ് തുകകൾ വാർഷികകണക്കുകളിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല വാർഷിക കണക്കുകളിൽ(I-1)ട്രേഡേഴ്സ് തൊഴിൽ നികുതി ഡിമാന്റായി ₹175550/- ആണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ രജിസ്റ്റർ പ്രകാരം ₹192150/- രേഖപ്പെടുത്തിയിരിക്കുന്നു. അതുപോലെ തന്നെ വാർഷിക കണക്കിൽ കുടിശികയായി (B-15)രേഖപ്പെടുത്തിയിട്ടുള്ളത് ₹2500/-ഉം രജിസ്റ്റർ പ്രകാരം ₹16600/-ഉം ആണ്. |
| 5. | മുൻ വർഷത്തെ വസ്തുനികുതി കുടിശ്ശികയിൽ പിരിഞ്ഞുകിട്ടാനുള്ള ₹676,590 വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 6. | ബാലൻസ് ഷീറ്റിൽ സ്റ്റോക്ക് രേഖപ്പെടുത്തിയിട്ടില്ല. |
| 7. | ആസ്തി രജിസ്റ്റർ,കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. |
| 8. | വസ്തുതു നികുതി കുടിശ്ശിക പ്രയർ പീരിയഡ് ഐറ്റത്തിൽ ഉൾപ്പെടുത്തി രേഖകളുടെ പിൻബലമില്ലാതെ എഴുതിത്തള്ളിയിരിക്കുന്നു. |
| 9. | ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം (Land) കൃത്യമായി കണക്കാക്കി ആയതിന്റെ മൂല്യം കാണിക്കുന്ന ശീർഷകത്തിൽ നാളിതുവരെ അക്കൗണ്ട് ചെയ്ത് തുടങ്ങിയിട്ടില്ല. |

| | |
|---|---|
| 10. | തനത് ഫണ്ടിനൊപ്പം നിക്ഷേപിച്ചിട്ടുള്ള പ്രത്യേക ആവശ്യങ്ങൾക്ക് ലഭിച്ച തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ B 4 ഷെഡ്യൂളിൽ ബാലൻസ് നിൽക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല. |
| 11. | വർക്ക് ഷീറ്റ് തയ്യാറാക്കാത്തതിനാൽ വിവിധ ആസ്തികൾക്ക് നൽകിയിരിക്കുന്ന ഡിപ്രീസിയേഷന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല.ഗ്രാമപഞ്ചായത്തിൽ "Waterways" എന്ന ഇനത്തിൽ ആസ്തികൾ ഇല്ലായെങ്കിലും അവയുടെ ഡിപ്രീസിയേഷൻ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തുനികുതി, കുടിശ്ശികയിനത്തിലെ വ്യത്യാസം സംബന്ധിച്ച്

വാർഷിക കണക്കുകളിലെ B-15 ഷെഡ്യൂൾ പ്രകാരം 2016-17ൽ വസ്തുനികുതിയിനത്തിൽ ₹2282968/- (1607422 + 675546 ) കുടിശ്ശികയുണ്ടായിരുന്നു. എന്നാൽ 2017-18 ലെ വാർഷിക കണക്കുകളിലെ RP 43 ഷെഡ്യൂൾ പ്രകാരം 1606408/-(1097196 + 509212 ) രൂപയാണ് കുടിശ്ശികയിനത്തിൽ ലഭിച്ചത്. തന്നാണ്ട് 676560/- (510226 + 166334) കുടിശ്ശികയിനത്തിൽ അവശേഷിക്കുന്നുണ്ടെങ്കിലും വാർഷിക കണക്കുകളിലെ B-15ഷെഡ്യൂളിൽ കുടിശ്ശികയിനത്തിൽ തുകയൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ചുള്ള അന്വേഷണകുറിപ്പിന് മറുപടിയായി 60 ച.മീ വരെയുള്ള കെട്ടിടങ്ങൾ, വിമുക്തഭടൻമാരുടെ കെട്ടിടങ്ങൾ എന്നിവയുടെ നികുതി ഒഴിവാക്കിയതു കൊണ്ടാണ് 2017-18ൽ ബാലൻസ് ഷീറ്റിൽ(B.15ൽ) വസ്തുനികുതിയിനത്തിൽ കുടിശ്ശികയില്ലാത്തത് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട് . എന്നാൽ എത്ര തുകയാണ് ഓരോ ഇനത്തിലും ഒഴിവാക്കിയത് എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. 60 ച.മീ വരെയുള്ള കെട്ടിടങ്ങൾ , വിമുക്തഭടൻമാരുടെ കെട്ടിടങ്ങൾ എന്നിവയ്ക്കായി എത്ര തുകകളാണ് നികുതി ഒഴിവാക്കിയത് എന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് . തുകകൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു

| ഇനം | 2016-17 ബാലൻസ് ഷീറ്റ് പ്രകാരം കുടിശിക (B.15) | 2017-18 ൽ കുടിശ്ശികയിനത്തിൽ ലഭിച്ചത്, ( R.P.43) | തന്നാണ്ട്(2017-18) കുടിശ്ശികയിനത്തിൽ ബാക്കി ലഭിക്കുവാനുള്ളത് | 2017-18 ബാലൻസ് ഷീറ്റ് പ്രകാരം, കുടിശ്ശിക (B.15) |
|---|---|---|---|---|
| പാർപ്പിടം | 1607422 | 1097196 | 510226 | 0 |
| പാർപ്പിടേതരം | 675546 | 509212 | 166334 | 0 |

### 2-2 ഗാർഹികാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നു.

തൻവർഷത്തെ ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകളിൽ ലഭ്യമായ ഏതാനും കെട്ടിട നമ്പരുകൾ നികുതി നിർണ്ണയ രജിസ്റ്ററുമായി ചേർത്ത് പരിശോധിച്ചപ്പോൾ, ഗാർഹികാവശ്യത്തിനായി നികുതി നിർണ്ണയിച്ച കെട്ടിടങ്ങൾ

വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതായി കണ്ടെത്തി. ഒരു ച.മീറ്ററിന് 6 നിരക്കിലാണ് പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിച്ചിരിക്കുന്നത്. വ്യാവസായിക ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി ആയതിന് ബാധകമായ നിരക്കിൽ ഈടാക്കാത്തത് മൂലം ഗ്രാമപഞ്ചായത്തിന് ഗണ്യമായ തുകയുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകന്റെ പേര് | കെട്ടിട നമ്പർ | കെട്ടിട വിസ്തീർണ്ണം (ച.മീ.) | നിലവിലെ ഉപയോഗം | വസ്തു നികുതി നിരക്ക് (1 ച.മീ-ന്) ഈടാക്കേണ്ടത് | അടിസ്ഥാന വസ്തു നികുതി | | കുറവ് |
|---|---|---|---|---|---|---|---|
| | | | | | ഈടാക്കേണ്ടത് | ഈടാക്കിയത് | |
| ജോസഫ്ജോർജ് | III/200, 201,203 | 347 (218+42 +87) | റബർ സംഭരണം, വില്പന | 60 | 20820 (13080+2520 +5220) | 1820 (1526+294 +0) | 19000 |
| പുന്നൂസ് മാത്യു | XIII/81A | 52 | പലചരക്ക് കട | 50 | 2600 | 364 | 2236 |
| സുമോദ് സോമൻ | XI/95 | 52 | ഹോട്ടൽ | 50 | 2600 | 364 | 2236 |
| ജോയ് മാത്യു | IX/349 | 55 | ഹോട്ടൽ | 50 | 2750 | 130 | 2620 |
| ആൽഫാ ജിജി | IV/263 | 80 | പഞ്ചിംഗ് യൂണിറ്റ് | 50 | 4000 | 162 | 3838 |
| | | | | | | ആകെ | 29930 |

1994-ലെ കേരള ലോക്കൽ ഫണ്ട് നിയമത്തിലെ സെക്ഷൻ 2(എൽ)-ൽ സൂചിപ്പിക്കുന്ന പ്രകാരം നഷ്ടമായി മാറിയ പ്രസ്തുത തുക, ഉടമസ്ഥരിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറിയിൽ നിന്ന് ആയത് ഈടാക്കുന്നതിന് പ്രസ്തുത നിയമത്തിലെ സെക്ഷൻ 16(1) പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ആകെയുള്ള 123അപേക്ഷകളിൽ ഏതാനും അപേക്ഷകൾ മാത്രം പരിശോധിച്ചപ്പോൾ കണ്ടെത്തിയ വ്യത്യാസമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ആയതിനാൽ എല്ലാ അപേക്ഷകളിലെയും കെട്ടിട നമ്പർ, നികുതി നിർണയ രജിസ്റ്ററുമായി ചേർത്ത് വസ്തു നികുതി നിരക്കിന്റെ നിജസ്ഥിതി പരിശോധിക്കേണ്ടതും അപ്രകാരം പരിശോധിക്കുമ്പോൾ നിരക്കിൽ കുറവുള്ളതായി കണ്ടെത്തിയാൽ ബാധകമായ നിരക്കിൽ വസ്തുനികുതി നിർണയിച്ച് 12 ശതമാനം പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഗുരുതര ചട്ടലംഘനങ്ങൾ അവഗണിച്ച് ഒക്യുപൻസി നല്കി

ശ്രീ.സ്റ്റീഫൻ തോമസിന്റെ ഉടമസ്ഥതയിൽ ഭൂനിരപ്പിന് മുകളിൽ മൂന്ന്(G+2) നിലകളുള്ള പാർപ്പിടാവശ്യത്തിനുള്ള(A1) കെട്ടിടം നിർമ്മിക്കുന്നതിന് 21.02.2015-ലെ B1-37/2014-15 നമ്പർ പെർമിറ്റ് പ്രകാരം അനുമതി നല്കിയിരുന്നു.

പെർമിറ്റിൽ നിന്ന് വ്യതിചലിച്ച് അധികനിർമ്മാണം നടത്തിയതിന് ശേഷം പ്രസ്തുത വിവരങ്ങൾ ഉൾപ്പെട്ട കെട്ടിടത്തിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റും പ്ലാനും മേൽ സൂചിത പെർമിറ്റിന്റെ പകർപ്പും മറ്റ് അനുബന്ധ രേഖകളും സഹിതം ഒക്യുപൻസിയ്ക്ക് അപേക്ഷിച്ചപ്പോൾ എൽ. എസ്. ജി.ഡി. ഓവർസീയർ നല്കിയ ശുപാർശയുടെ

അടിസ്ഥാനത്തിൽ വസ്തുനികുതി നിർണയിച്ച് 13നമ്പറുകൾ[II/198(C-O)] അനുവദിച്ച് 25.08.2017-ന് ഒക്യുപൻസി നല്കിയിരിക്കുന്നതായി ഫയലിൽ കാണുന്നു.

പൂർത്തീകരണ പ്ലാൻ പരിശോധിച്ചപ്പോൾ ചട്ടലംഘനം കണ്ടെത്തിയതിനാൽ ആയതിന്റെ നിജസ്ഥിതി അറിയുന്നതിന് ഗ്രാമപഞ്ചായത്ത് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥലം നേരിട്ട് സന്ദർശിച്ചപ്പോൾ പ്രസ്തുത ലംഘനങ്ങൾ ശരിയെന്നും അവശ്യം ലഭ്യമാക്കേണ്ട അനുബന്ധ സൗകര്യങ്ങളിൽ കുറവുള്ളതായും നേരിട്ട് കണ്ട് ബോദ്ധ്യപ്പെട്ടു. ചട്ടലംഘനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**ചട്ടം 37(പ്രവേശന മാർഗ്ഗം)**

ഒരു കെട്ടിടത്തിലേക്കുള്ള പ്രവേശന മാർഗ്ഗത്തിന്റെ ഏറ്റവും ചുരുങ്ങിയ വ്യക്തമായ വീതിയുടെയും അതുപോലെ തന്നെ പ്രധാന തെരുവിൽ നിന്ന് പ്രവേശനം നൽകുന്ന തെരുവിന്റെ വീതിയുടെയും അടിസ്ഥാനത്തിൽ സ്ഥലത്ത് നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി തറവിസ്തീർണം 2011-ലെ കേരള പഞ്ചായത്ത് നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 37-ൽ നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും അതിൽ കവിഞ്ഞ അളവിൽ കെട്ടിടങ്ങൾ നിർമ്മിച്ചതായി കാണുന്നു. ഇവിടുത്തെ സംഗതിയിൽ പ്രധാന തെരുവ് തൊടുപുഴ പാലാ റോഡും അവിടെ നിന്ന് പ്രവേശനം നൽകുന്ന തെരുവ്, സ്ഥലത്തോട് ചേർന്നൊഴുകുന്ന തോടിനു കുറുകെയുള്ള പാലവുമാകുന്നു. പാലം അവസാനിക്കുന്നിടത്ത് ഇടതുവശത്താണ് സ്ഥലത്തേയ്ക്കുള്ള പ്രവേശന മാർഗ്ഗം. ലഭ്യമായ പൂർത്തീകരണ പ്ലാൻ പ്രകാരം പ്രസ്തുത പാലത്തിന്റെ വീതി 3.5 മീറ്റർ മാത്രമാണ്. 3.6 മീറ്ററിൽ താഴെ പ്രവേശന മാർഗ്ഗമുള്ള സ്ഥലത്ത് നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി തറവിസ്തീർണം 1000 ച.മീറ്ററായി ചട്ടത്തിൽ (ചട്ടം 37, പട്ടിക 3.1) നിജപ്പെടുത്തിയിട്ടുള്ളപ്പോൾ 1881.32ച. മീറ്റർ അളവുള്ള പാർപ്പിട സമുച്ചയമാണ് സ്ഥലത്ത് നിർമ്മിച്ചത്. പെർമിറ്റ് അനുവദിച്ചപ്പോഴും ഒക്യുപൻസി നല്കിയപ്പോഴും പ്രസ്തുത ചട്ടലംഘനം അവഗണിച്ചു.

അനധികൃത നിർമ്മാണങ്ങളും ജോലികളും കണ്ടുപിടിക്കുകയും തടയുകയും ചട്ടങ്ങൾ പ്രകാരമുള്ള മറ്റു നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ട ഉത്തരവാദിത്വം സെക്രട്ടറിക്കുണ്ടെന്ന് ചട്ടം 134-ൽ വ്യക്തമാക്കുന്നുണ്ട്.ചട്ടങ്ങൾ ലംഘിച്ച് അനധികൃമായി നിർവ്വഹിച്ചിട്ടുള്ള നിർമ്മാണങ്ങളിലെ നിയമവിരുദ്ധമായി നിർമ്മിച്ച ഭാഗം നിലവിലുള്ള ചട്ടങ്ങൾക്ക് അനുരൂപമാക്കുവാനോ അല്ലെങ്കിൽ അത്രയും ഭാഗം പൊളിച്ചുകളയുവാനോ ഉടമസ്ഥനോട് സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്(ചട്ടം 20). 134 മുതൽ 138 വരെയുള്ള ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിനുള്ള നടപടികൾ സെക്രട്ടറിക്ക് സ്വീകരിക്കാവുന്നതാണ്.

2018-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങളിലെ അനുബന്ധം I-ലെ 3(ii) e (i) പ്രകാരം, ബന്ധപ്പെട്ട ചട്ടത്തിൽ ആവശ്യപ്പെട്ട (വഴിയുടെ) വീതിയുടെ 2/3-ൽ കുറയാത്ത അളവിൽ ഒരുക്കിയിരിക്കുന്ന സംഗതിയിൽ ഈടാക്കേണ്ട ഫീസ് അധികം നിർമ്മിച്ച ഒരു ച.മീറ്ററിന് ₹1500/- എന്ന നിരക്കിലാണ്. പ്രസ്തുത നിരക്കിൽ അധിക നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് ഈടാക്കേണ്ട കോമ്പൗണ്ടിംഗ് ഫീസിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ തറവിസ്തീർണം | 1881.32ച.മീറ്റർ |

| | |
|---|---|
| 3.6 മീറ്ററിൽ താഴെ പ്രവേശന മാർഗ്ഗമുള്ള സ്ഥലത്ത് നിർമ്മിക്കാവുന്ന കെട്ടിടത്തിന്റെ പരമാവധി തറവിസ്തീർണം | 1000 ച.മീറ്റർ |
| അധിക നിർമ്മിതി | 881.32 ച.മീറ്റർ |
| ₹1500/- നിരക്കിൽ അധിക നിർമ്മിതിയ്ക്ക് ഈടാക്കേണ്ട കോമ്പൗണ്ടിംഗ് ഫീസ് | 1321980/- |

2018-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവത്കരണം) ചട്ടങ്ങളിലെ ചട്ടം 6-ലെ നടപടിക്രമങ്ങൾ പാലിച്ച്, അനുബന്ധം II-ൽ പരാമർശിക്കുന്ന സുരക്ഷാ വ്യവസ്ഥകൾക്ക് വിധേയമായി മേൽസൂചിത കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>ചട്ടം **38** (പാർക്കിംഗ്)</u>

13 പാർപ്പിടങ്ങൾക്കും സന്ദർശകർക്കും ചട്ടപ്രകാരം നിഷ്കർഷിക്കുന്ന പാർക്കിംഗ് ഒരുക്കിയിട്ടുണ്ടെങ്കിലും ചട്ടം 38(4)-ൽ ഇരുചക്രവാഹന പാർക്കിംഗിന് 25% (ഇവിടുത്തെ സംഗതിയിൽ 23 ച.മീ.) അധിക സ്ഥലം ഒരുക്കണമെന്ന വ്യവസ്ഥയുണ്ടെങ്കിലും ഇവിടെ അത് ലഭ്യമാക്കിയിട്ടില്ല.സൈക്കിളുകൾ പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യവുമില്ല.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ കർശനമായി പാലിക്കപ്പെടേണ്ടതുണ്ടെന്നും സാങ്കേതികത്വങ്ങൾ സംബന്ധിച്ചുള്ള ചില ഇളവുകൾ അനുവദിക്കാമെങ്കിലും പാർക്കിംഗ്, അഗ്നിസുരക്ഷ തുടങ്ങിയ നിർബന്ധ വ്യവസ്ഥകളിൽ വരുത്താനുദ്ദേശിച്ചുള്ളതല്ല ഈ ഇളവുകൾ എന്നും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് (John V. State of Kerala-2004) നിലനിൽക്കുമ്പോഴാണ് ഈ ചട്ടലംഘനങ്ങൾ നടക്കുന്നത് .

<u>ചട്ടം **53(**വിനോദത്തിന് ആവശ്യമുള്ള സ്ഥലം**)**</u>

12-ൽ കൂടുതൽ വാസയൂണിറ്റുകളുള്ള ഗണം A1 കൈവശാവകാശത്തിനു കീഴിലുള്ള പാർപ്പിട അപ്പാർട്ടുമെന്റിൽ അനുയോജ്യമായ വലുപ്പത്തിൽ വിനോദസ്ഥലം സജ്ജീകരിക്കണമെന്ന് വ്യവസ്ഥയുണ്ട്. പ്രസ്തുത സ്ഥലം എല്ലാ യൂണിറ്റുകളുടെയും ആകെ തറവിസ്തീർണം ഒരുമിച്ച് കണക്കാക്കുമ്പോൾ 6%-ൽ കുറയാതെ ഉണ്ടാകണമെന്നും അത്തരം ഉല്ലാസ സ്ഥലത്തിന്റെ എറ്റവും ചുരുങ്ങിയത് 35% കെട്ടിടത്തിനു പുറത്തും തറനിരപ്പിലും തന്നെയായിരിക്കണമെന്നും ആയത് തുറസ്സായ സ്ഥലം, പാർക്കിംഗ് പ്രദേശം,ഗതാഗത വഴികൾ, മറ്റ് ഉപയോഗ്യ പ്രദേശങ്ങൾ എന്നിവ ഒഴിച്ചുള്ള സ്ഥലത്ത് ആയിരിക്കണം എന്നും വ്യക്തമാക്കുന്നുണ്ട്. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം ഇവിടുത്തെ സംഗതിയിൽ പാർപ്പിട സമുച്ചയത്തോട് അനുബന്ധമായി ഒരുക്കേണ്ട ഉല്ലാസസ്ഥലത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ തറവിസ്തീർണം | 1881.32 ച.മീറ്റർ |
| ഉല്ലാസസ്ഥലത്തിനായി ഒരുക്കേണ്ട ആകെ സ്ഥത്തിന്റെ അളവ് (1881.32x6/100) | 112.88 ച.മീറ്റർ |
| കെട്ടിടത്തിന് പുറത്ത് തറനിരപ്പിൽ ഒരുക്കേണ്ട സ്ഥലത്തിന്റെ അളവ് (112.88x35/100) | 39.5ച.മീറ്റർ |

മേൽപറഞ്ഞ ഉല്ലാസ സ്ഥലമോ അതിൽ തറനിരപ്പിൽ ഒരുക്കേണ്ട സ്ഥമോ പാർപ്പിട സമുച്ചയത്തിൽ സജ്ജീകരിച്ചിട്ടില്ല.

സാങ്കേതിക ശുപാർശ നല്കുന്ന വേളയിൽ പ്രസ്തുത അപാകതകൾ ഓവർസീയർ ചൂണ്ടിക്കാട്ടി യഥാർത്ഥത്തിലുള്ള വിവരങ്ങളാണ് നല്കേണ്ടിയിരുന്നത്. ഒക്യുപൻസി നല്കിയ 25.08.2017-നം ഓഡിറ്റിന്റെ ഭൗതീക പരിശോധന നടന്ന 19.07. 2018-നം ഇടയിലുള്ള കാലഘട്ടത്തിൽ പ്രസ്തുത അപാകതകൾ/കുറവുകൾ ഉണ്ടായെന്ന് കരുതാനാവില്ല. തെറ്റായ പ്ലാൻ അംഗീകരിച്ച് അനുമതി നല്കുകവഴി ഉടമസ്ഥനുമായി ചേർന്ന് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം ഇല്ലാതാക്കുകയാണ് ഓവർസീയർ ചെയ്തത്. ഇത് ഓവർസീയറുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപമാണ്.

നിർമ്മാണം പൂർത്തിയായി നികുതി നിർണയത്തിന് വേണ്ടി ലഭിക്കുന്ന എല്ലാ അപേക്ഷകളും അസി. എഞ്ചിനീയർക്ക് കൈമാറി സാങ്കേതിക ഉപദേശം സ്വീകരിച്ചതിന് ശേഷം മാത്രമേ ഒക്യുപൻസി നല്കാവൂ എന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.06.2013-ലെ 32131/ആർ.എ.1/2012/തസ്വഭവ. നമ്പർ സർക്കുലറിലെ നിർദ്ദേശം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പാലിച്ചെങ്കിലും ഭൗതിക പരിശോധന നടത്താതെ കെട്ടിടത്തിന് നമ്പരിട്ട് ഒക്യുപൻസി നല്കിയത് ആദ്ദേഹത്തിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയാണ്.

## 2-4 തൊഴിൽ നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

താഴെ സൂചിപ്പിക്കുന്ന വ്യക്തികളുടെ തൊഴിൽ നികുതി നിർണ്ണയിക്കുന്നതിനായി വരുമാനത്തോടൊപ്പം ആർജ്ജിതാവധി സറണ്ടർ ഉൾപ്പെടുത്തിയിട്ടില്ല. ആയത് കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി ഈടാക്കിയതിൽ വ്യത്യാസം വരുന്നതാണ്.

| ക്രമ നമ്പർ | പേര്, അഡ്രസ്സ് | ആർജ്ജിതാവധി ഉൾപ്പെടാതെയുള്ള വരുമാനം (സ്റ്റേറ്റ്മെന്റ് പ്രകാരം) | അടവാക്കിയ നികുതി |
|---|---|---|---|
| 1 | ഷാജി പി.എച്ച്. അറ്റൻഡർ ഗ്രേഡ് 2 ഗവ.ആയുർവേദ ഡിസ്പെൻസറി കരിങ്കുന്നം | 112860/- (ഒന്നാം അർദ്ധവർഷം) | 1000/- |
| 2 | രാജമ്മ സി.കെ. അറ്റൻഡന്റ്, വെറ്റിനറി ഹോസ്പിറ്റൽ കരിങ്കുന്നം | 116860/-(ഒന്നാം അർദ്ധവർഷം) | 1000/- |
| 3 | സൗമ്യ രാജൻ അസി.സെയിൽസ് മാൻ മാവേലി സ്റ്റോർ,കരിങ്കുന്നം | 122280/-(രണ്ടാം അർദ്ധവർഷം)(ഒന്നാം അർദ്ധവർഷം) | 1000/- |
| 4 | അനിത എം.ആർ അസി.സെയിൽസ് മാൻ മാവേലി സ്റ്റോർ,കരിങ്കുന്നം | 122280/-(രണ്ടാം അർദ്ധവർഷം) | 1000/- |

| | | | |
|---|---|---|---|
| 5 | രാജമ്മ എം.,അറ്റൻഡർ SBI കരിങ്കുന്നം | 121768/-(രണ്ടാം അർദ്ധവർഷം) | 1000/- |

ടി വ്യക്തികൾക്ക് ലീവ് സറണ്ടർ ലഭിച്ചിട്ടുണ്ടെങ്കിൽ അതനുസരിച്ച് പുതുക്കിയ തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

3. താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം | ഒന്നാം അർദ്ധ വർഷത്തെ നികുതി(ആകെ) | രണ്ടാം അർദ്ധ വർഷത്തെ നികുതി |
|---|---|---|---|---|
| 1 | സെഡാർ ഹോസ്പിറ്റൽ കരിങ്കുന്നം | 18 | 9430/- | ഈടാക്കിയിട്ടില്ല |
| 2 | ആരതി റബ്ബേഴ്സ് കരിങ്കുന്നം | 4 | 720/- | ഈടാക്കിയിട്ടില്ല |

ടി വ്യക്തികളുടെ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5 തനത് ഫണ്ട് അക്കൗണ്ടിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് (450230101) നീക്കിയിരിപ്പ് ഇടുക്കി ജില്ലാ സർവ്വീസ് സഹകരണ ബാങ്ക് പാസ് ബുക്കുമായി പൊരുത്തപ്പെടുത്താതെ ധനകാര്യപത്രിക ക്രോഡീകരിച്ചതിനാൽ RP-40(b), B-17 എന്നിവയിൽ നൽകിയിട്ടുള്ള നീക്കിയിരിപ്പ് തുക യഥാർത്ഥമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- Cheques issued but not presented into bank എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 30.03.2017 -ൽ കൊടുത്തതായി കാണിച്ചിരിക്കുന്ന ചെക്ക്(നം. 192886, തുക 1580/-രൂപ) 23.03.2017-ന് ബാങ്കിൽ നിന്ന് പിൻവലിച്ചതായാണ് പാസ്ബുക്കിൽ നിന്ന് വ്യക്തമാകുന്നത്. അതായത്, ബാങ്കിൽ നിന്ന് മുമ്പ് പാസ്സായി പോയ ചെക്ക് കണക്കിൽ ഉൾപ്പെടുത്തിയതിനാൽ ₹1580/- യുടെ വ്യത്യാസം തനത്ഫണ്ട് അക്കൗണ്ടിൽ നിലനിൽക്കുന്നു.
- 14.12.2016, 04.05.2017,29.05.2017 തീയതികളിലുള്ള ചെക്കുകൾ Cheques issued but not presented into bank എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ചെക്കുകളുടെ നിയമപരമായ കാലപരിധി മൂന്നു മാസമാണെന്നിരിക്കെ പ്രസ്തുത ചെക്കുകൾ ഇത്തരത്തിൽ കണക്കുകളിൽ ചേർത്തത് ക്രമപ്രകാരമല്ല.(ആകെ തുക 6900/-രൂപ).കാലപരിധി കഴിഞ്ഞ ചെക്കുകൾ തിരികെ വരവിൽ ഉൾപ്പെടുത്തണമെന്ന 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 46 പ്രകാരമുള്ള നിബന്ധന പാലിച്ചിട്ടില്ല.

സൂചിത അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-6 വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണയിച്ച സ്ഥാപനങ്ങൾക്ക് ഡി ആന്റ് ഒ ലൈസൻസ് നൽകിയതിൽ ആനുപാതിക കുറവ്

ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിൽ, വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണയിച്ച സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. വസ്തു നികുതിയുടെ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം പഞ്ചായത്ത് പരിധിയിൽ 443 വാണിജ്യ കെട്ടിടങ്ങളുണ്ട്. എന്നാൽ ഡി ആന്റ് ഓ രജിസ്റ്റർ പ്രകാരം 123 സ്ഥാപനങ്ങൾ മാത്രമാണ് 2017-18 വർഷം ലൈസൻസ് പുതുക്കിയിട്ടുള്ളത്. ഒന്നിൽ കൂടുതൽ മുറികളോ കെട്ടിടങ്ങളോ ഒരു സ്ഥാപനത്തിന്റെ ഭാഗമായി ഉപയോഗിച്ചേക്കാമെന്ന സാദ്ധ്യതയുണ്ടെങ്കിലും 28% സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് ലഭ്യമാക്കിയിട്ടുള്ളത്. ഇക്കാര്യം പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഉദ്യോഗസ്ഥരുടെയും ഏകോപിതനടപടികളിലൂടെ ഇത്തരം വരുമാനചോർച്ചകൾ ഒഴിവാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയത് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസ് പരിധിയിൽ വരാത്ത സ്ഥാപനങ്ങളെ തിരിച്ചറിയുന്നതിന് സാധിക്കുന്നില്ല.

മേൽ പ്രസ്താവിച്ച അപാകതകൾ പരിഹരിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി സ്ഥാപനങ്ങൾക്ക് വാർഡ് അടിസ്ഥാനത്തിൽ സ്ഥിരം നമ്പരുകൾ നൽകി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി കാലാകാലങ്ങളിൽ ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതുമാണ്. മേൽ പ്രവൃത്തികൾക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കാര്യക്ഷമമായി ഇടപെടേണ്ടതും ജനപ്രതിനിധികളുടെ സഹകരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ലൈസൻസിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിൽ ആവശ്യമായ പരിശോധനകൾ നടക്കുന്നുണ്ട് എന്നും കണക്കാക്കിയ ഫീസ് നിയമാനുസൃതമാണ് എന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതും കൃത്യമായ ഇടവേളകളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധനകൾ നടത്തേണ്ടതും പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കേണ്ടതുമാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

#### 1)ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി

പട്ടികജാതി-പട്ടികവർഗ്ഗ വികസനം,സ്ത്രീകളുടെയും കുട്ടികളുടെയും വികസനം,സാമൂഹിക ക്ഷേമം,സാമൂഹിക സുരക്ഷാപ്രവർത്തനം,ചേരി പരിഷ്കരണം,ദാരിദ്ര്യ നിർമ്മാർജ്ജനം,പൊതു വിതരണ സമ്പ്രദായം എന്നീ വിഷയങ്ങളാണ് ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിഗണനയിൽ വരുന്നത്.പഞ്ചായത്തിലെ അടിസ്ഥാന സൌ കര്യങ്ങളുടെ പ്രത്യേകിച്ച് ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വളരെ വലുതാണ്.ഗ്രാമപഞ്ചായത്തിലെ ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസം യോഗം ചേർന്ന് വിവിധ ക്ഷേമ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്നതിന് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട്.റേഷൻ വിഹിതം ജനങ്ങൾക്ക് മനസ്സിലാക്കുന്ന രീതിയിൽ റേഷൻ കടകളിൽ ബോർഡിൽ പ്രദർശിപ്പിക്കുകയും സാമ്പിൾ പായ്ക്കറ്റ് ഇനങ്ങളിൽ പ്രദർശിപ്പിക്കണമെന്നും ആവശ്യപ്പെട്ട് തൊടുപുഴ താലൂക്ക് സപ്ലൈ ഓഫീസർക്ക് കത്ത് നൽകാൻ ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തതായി മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തി കാണുന്നു.നിലവിലുള്ള അക്ഷയ

കേന്ദ്രം കുറച്ചുകൂടി വിപുലീകരിക്കുന്നതിന് നടത്തിപ്പുകാർക്ക് കത്ത് നൽകുന്നതിനും ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട്. വിവിധ ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷകളിന്മേൽ സമയപരിധിക്കുള്ളിൽ തന്നെ സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. ശിശുക്കൾ, സ്ത്രീകൾ, വൃദ്ധർ/വികലാംഗർ എന്നിവരുടെ ക്ഷേമത്തിനായിട്ടുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റി ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അവരിൽ നിക്ഷിപ്തമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ശുഷ്കാന്തി പുലർത്തിയിട്ടുണ്ടെന്ന് മേൽ പരാമർശിച്ച ശുപാർശകളിൽ നിന്നും വ്യക്തമാവുന്നു.She Padപ്രോജക്ട് നടപ്പിലാക്കുന്നതിന് ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്തിരുന്നു.എന്നാൽ മേൽ പ്രോജക്ട് തൻവർഷം നടപ്പിലാക്കിയിട്ടില്ല.സ്റ്റാന്റിംഗ് കമ്മിറ്റികൾ പഞ്ചായത്തിലെ ജനങ്ങളുടെ അടിസ്ഥാനപരമായ പുരോഗതി മുൻനിർത്തി പ്രോജക്ട് ആവിഷ്കരിക്കേണ്ടതും, ആയത് നിർവ്വഹണോദ്യോഗസ്ഥർ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

<u>2)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി</u>

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസം യോഗം ചേരുകയും നിയമപരമായ ചുമതലകൾ നിർവഹിക്കുകയും ചെയ്തിട്ടുണ്ട്.പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ സംബന്ധിച്ച് ചർച്ചകൾ നടത്തുകയും ആയത് ഉയർത്തുന്നതിന് നിർദ്ദേശങ്ങൾ ജനറൽ കമ്മിറ്റിയ്ക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.തനത് വരുമാനത്തിന്റെ പുരോഗതി എല്ലാ മാസവും അവലോകനം ചെയ്യുന്നുണ്ട്. വസ്തുനികുതിയുടെ പിരിവ് 100% ആക്കുന്നതിന് ഡിമാന്റ് നോട്ടീസ് നൽകി ക്യാമ്പ് കളക്ഷൻ ഉൾപ്പെടെയുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ ജനറൽ കമ്മിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നടപ്പിലാക്കേണ്ട പ്രോജക്ടുകളെക്കുറിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നില്ല.

<u>3)വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി</u>

വികസനകാര്യസ്റ്റാന്റിംഗ്കമ്മിറ്റി എല്ലാമാസത്തിലും യോഗം ചേരുന്നുണ്ട്.ഗ്രാമപഞ്ചായത്ത് വിവിധ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും, ഡി.പി.സി. അംഗീകാരം നേടുന്നതിനും ജനറൽകമ്മിറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട്. സ്പിൽ ഓവർ പ്രോജക്ടുകളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും, പദ്ധതിചെലവ് ശതമാനം വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് ജനറൽകമ്മിറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട്. പദ്ധതി ആസൂത്രണ/നിർവ്വഹണ പ്രവർത്തനങ്ങളിൽ സ്റ്റാന്റിംഗ് കമ്മിറ്റി വളരെ ശ്രദ്ധ പുലർത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ പൊതുവായ വികസനത്തെ ലക്ഷ്യമാക്കി വിശാലമായ പ്രോജക്ടുകളൊന്നും ആവിഷ്കരിച്ചിട്ടില്ല.

അസി.എഞ്ചിനീയർ നിർവ്വഹണേദ്യോഗസ്ഥനായി 48 പ്രോജക്ടുകൾ അംഗീകാരം വാങ്ങിയതിൽ 27 എണ്ണം മാത്രമാണ് തൻ വർഷം നടപ്പിലാക്കിയത്. ഡി.പി.സി.അംഗീകാരം വാങ്ങിയ പ്രോജക്ടുകൾ പൂർണ്ണമായും കൃത്യസമയത്ത് പൂർത്തീകരിക്കുവാൻ വേണ്ട ഇടപെടലുകൾ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല.

<u>4)ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി</u>

ആരോഗ്യസ്റ്റാന്റിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേർന്ന ഗ്രാമപഞ്ചായത്തിലെ ആരോഗ്യ വിദ്യാഭ്യാസ കാര്യങ്ങളിൽ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ട നടപടികൾ ജനറൽ കമ്മിറ്റിയ്ക്ക് ശുപാർശ ചെയ്യുന്നുണ്ട്. വിട്ടുകിട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രോജക്ട് നിർദ്ദേശങ്ങൾ ജനറൽ കമ്മിറ്റിക്ക് നൽകിയിട്ടുണ്ട്. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ ചെയ്ത പ്രോജക്ടുകളായ

ഷീ-പാഡ് പദ്ധതി, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കിയിട്ടില്ല.

## 3-2 പാലിന് സബ്സിഡി-അധിക സബ്സിഡി നൽകിയത്

| | |
|---|---|
| പ്രോജക്ട് നം./പ്രോജക്ട് | 26- പാലിന് സബ്സിഡി |
| അടങ്കൽ തുക | 224260 |

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ പാലിന് സബ്സിഡി എന്ന പദ്ധതിയിൽ ക്ഷീരകർഷകർക്ക് ഒരു വർഷം പാലിന് സബ്സിഡിയായി ₹30000/-വരെ നൽകാവുന്നതാണ്. എന്നാൽ സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി താഴെ സൂചിപ്പിക്കും പ്രകാരം അധിക തുക നൽകിയതായി കാണുന്നു.

| ഗുണഭോക്താവിന്റെ പേര് | ബിൽ നമ്പർ/തീയതി | ബിൽ തുക | ഗുണഭോക്താവിന് നൽകിയത് | ഗുണഭോക്താവിന് നൽകിയ ആകെ തുക | സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താവിന് നൽകേണ്ടത് | അധികം നൽകിയത് |
|---|---|---|---|---|---|---|
| ജിമ്മി ജോയി കുന്താനത്ത് | CB.No1/ 17-18/28-11-17 | 64260/- | 6531/- | 30471/- | 30000/- | 471/- |
| | CB.No2/ 17-18/12-02-18 | 160000/- | 23940/- | | | |

മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അധികമായി നൽകിയ ₹471/- നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 പി.എച്ച്.സി. -മരുന്നുകൾ ലഭ്യമാകാത്തതു സംബന്ധിച്ച്

കരിങ്കുന്നം പി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങുന്നതിനായി 2017-18 സാമ്പത്തിക വർഷം ബിൽ നം. 3/2017-18 തി. 27.9.17 പ്രകാരം ₹300,000/- പിൻവലിച്ച്, കെ.എം.സി.എൽ-ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ, ഓഡിറ്റ് സമയംവരെ മരുന്ന് ലഭ്യമായിട്ടില്ല. ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ കാലതാമസംകൂടാതെ കെ.എം.സി.എൽ നിന്നും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുകയുംമരുന്നുകൾ ലഭ്യമായതിന്റെ വിവരം അറിയിക്കേണ്ടതുമാണ്. ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മരുന്നുകളുടെ കൃത്യമായ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്.

## 3-4 തെരുവ് വിളക്ക്- പരിപാലനത്തിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജിനത്തിൽ തൻ വർഷം ₹119536/-

കെ.എസ്.ഇ.ബി-യിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പഞ്ചായത്ത് കെ.എസ്.ഇ.ബി-യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയോ സ്ഥാപിക്കപ്പെട്ട ഉപകരണങ്ങളുടെ ഇനം, എണ്ണം, പ്രവർത്തന അവസ്ഥ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുകയോ ചെയ്യുന്നില്ല. 12.03.2013-ലെ 65529/ഡി.സി3/12 ത.സ്വ.ഭ.വ ഉത്തരവിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിലെ സാമ്പത്തിക ചെലവുകളുടെ മേൽനോട്ട ചുമതല വഹിക്കുന്ന ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ്ജ് സംബന്ധിച്ച് അവലോകനം നടത്തുകയോ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. ഇക്കാര്യത്തിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-5 നിക്ഷേപ പ്രവൃത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

2017-18സാമ്പത്തിക വർഷം കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ച താഴെ പറയുന്ന പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

| പ്രോജക്റ്റ് നം. | അടങ്കൽ | നിക്ഷേപിച്ച തുക | ബിൽ നം.തീയതി |
|---|---|---|---|
| SO103/18 | 1300,000 | 1283073 | 123/12.3.2018 |

തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് പുതിയ ലൈൻ വലിക്കുന്നതിന് വേണ്ടി കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ച ₹1283073/-യുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവഴിച്ച തുക തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 എച്ച്.എം.സി - വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം,ജൂലായ് 31-നകം, വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ ( ഹോമിയോ, അലോപ്പതി) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ

ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## ഭാഗം-4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 21.3.2018 | 51697 | നെൽകൃഷി വികസനം | 51697 | ഇല്ല |
| ബ്ലോക്ക്പഞ്ചായത്ത് | 8.8.2017 | 95000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 95000 | ഇല്ല |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷം താഴെ പറയുന്ന നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ നൽകിയിട്ടുണ്ട്.തുക ചെലവഴിച്ചതിന്റെയും പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | നൽകിയ തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 1299972 | സ്ട്രീറ്റ് ലൈറ്റിനു വേണ്ടി പുതിയ ലൈൻ (സ്ട്രീറ്റ് മെയിൻ) വലിക്കൽ | 1299972 | ഇല്ല |
| കെ.എസ്.ഇ.ബി | 1283073 | സ്ട്രീറ്റ് മെയിൻ വലിക്കൽ | 1283073 | തുക ചെലവഴിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ /വായ്പാ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2002-03 | 2-3 | റ്റി.കെ. സരസ്വതിയമ്മ | LF-4970/ spl.cell/ SC2/06 13.02.07 | 5283 | | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 1998-99 | 29 | സി.എൽ.വൽസല എൽ.ഡി.സി | LF.9388/SC2/ 02/dt.04.01.03 | 4950 | | | | | | | | |
| 2 | 2008-09 | 3-1 | ജേക്കബ് മാത്യു | LF-18057/spl.cell/ CSC/C1/2012(2) dt.07.05.14 | 6917 | | | | | | | | |
| 3 | 2008-09 | 3-5(1), (2),(3) | മറിയാമ്മ ജോർജ് അസി. എൻജിനീയർ | LF-18057/ spl.cell/ CSC/C1/2012(4) dt.07.05.14 | 13974 | | | | | | | | |
| 4 | 2008-09 | 3-5(1), (2),(3) | മുഹമ്മദ് കുഞ്ഞ് റ്റി.എൻ, അസി. എൻജിനീയർ | LF-18057/ spl.cell/ CSC/C1/2012(4) dt.07.05.14 | | | | | | | | | |
| | 2008-09 | 3-5(1), (2),(3) | സി.എസ്. സിനോഷ് അസി. എൻജിനീയർ | LF-18057/ spl.cell/ CSC/C1/2012(3) dt.07.05.14 | | | | | | | | | |
| | 2008-09 | 3-5(1), (2),(3) | ടി.എം.മത്തായി, അസി. എൻജിനീയർ | LF-18057/ spl.cell/ CSC/C1/2012(4) dt.07.05.14 | | | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 43465831 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 44577347 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിയ്ക്കാത്ത തുക | 471 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1283073 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|

| | | | |
|---|---|---|---|
| 3-2 | - | 471 | നാരായണൻ നമ്പൂതിരി<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1283073 | ഉഷ.എ.ആർ, സെക്രട്ടറി |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ,മറ്റ് സംസ്ഥാനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഡി) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ )<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഉഷ.എ.ആർ, സെക്രട്ടറി | സെക്രട്ടറി, മുട്ടം ഗ്രാമപഞ്ചായത്ത് | പുത്തൻപുരയിൽ<br>മൂലമറ്റം.പി.ഒ |
| നാരായണൻ നമ്പൂതിരി<br>ഡയറി എക്സ്റ്റൻഷൻ<br>ഓഫീസർ | | സൗപർണിക<br>അതിരമ്പുഴ പി.ഒ<br>കോട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ-7/64/99/10.09.1999 | 1 | 28 |
| 1997-98 | എൽ.എഫ്.ഐ-7/707/200/30.11.2000 | 5 | 33, 34, 35, 42, 43 |

| | | | |
|---|---|---|---|
| 1998-99 | എൽ.എഫ്.ഐ-7/172/2000/ 31.07.2000 | 2 | 28, 29 |
| 1999-2000 | എൽ.എഫ്.ഐ-7/250/2001/15.10.2001 | 6 | 24, 31, 32, 33, 37, 39 |
| 2000-01 | എൽ.എഫ്.ഐ-7/627/2001/15.10.2001 | 5 | 24, 25, 27, 28, 29 |
| 2001-02 | എൽ.എഫ്.ഐ-7/449/2003/13.05.2005 | 6 | 2-5, 2-7, 2-8, 2-9, 2-10, 2-11 |
| 2002-03 | എൽ.എഫ്.ഐ-7/227/2005/13.05.2005 | 2 | 2-3, 3-2 |
| 2003-04 | എൽ.എഫ്.ഐ-7/709/2007/14.05.2007 | 4 | 2-5, 3-1, 3-4, 3-5 |
| 2004-05 | എൽ.എഫ്.ഐ-7/67/2008/03.09.2008 | 7 | 2-1, 3-1, 3-4, 3-5, 3-6, 3-7, 3-9 |
| 2005-06 | എൽ.എഫ്.ഐ-7/68/2008/09.09.2008 | 13 | 3-1, 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-14, 3-15, 3-17, 3-18 |
| 2006-07 | എൽ.എഫ്.ഐ-7/1807/17/17.03.18 | 17 | 2-1, 2-2, 3-1, 3-2, 3-3, 3-5, 3-6, 3-8, 3-9,3-10, 3-11, 3-12, 3-14, 3-15, 3-16, 3-18, 3-20 |
| 2007-08 | എൽ.എഫ്.ഐ-7/456/17/21.04.17 | 23 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-5,3-6, 3-8, 3-9, 3-10, 3-11,3-12, 3-13, 3-14, 3-15, 3-17, 3-18, 3-19, 3-20 |
| 2008-09 | എൽ.എഫ്.ഐ-7/1497/16/26.12.16 | 17 | 2-2, 2-3, 2-4, 2-5, 2-6, 2-7,2-8, 2-9, 2-10, 3-2, 3-3,3-4, 3-5, 3-6, 3-7,3-9, 3-10 |

| | | | |
|---|---|---|---|
| 2009-10 | എൽ.എഫ്.ഐ-7/737/16/24.11.16 | 12 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-6, 3-7, 3-8, 3-9, 3-10, 3-11 |
| 2010-11 & 2011-12 | എൽ.എഫ്.ഐ-7/1801/17/05.02.18 | 10 | 2-1, 2-2, 3-1, 3-2, 3-3,3-4, 3-5, 3-6, 3-7, 3-8 |
| 2012-13 & 2013-14 | എൽ.എഫ്.ഐ-7/1137/16/29.11.16 | 1 | 3-1 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ-7/830/2016/ 23.06.2016 | 7 | 3-1, 3-4, 3-5, 3-6, 3-8, 3-9, 3-10 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-7/183/18/17.03.18 | 7 | 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-7/1753/2017/ 12.03.18 | 12 | 2-1, 2-2, 2-3, 2-5, 3-3, 3-4, 3-5,3-8, 3-9, 3-13, 3-15, 3-16 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി.

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഐ.ഡി.കെ-7/981/2018

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
തൊടുപുഴ,തീയതി: 04.10.2018
E-mail:doidk.ksad@kerala.gov.in
Ph:04862-227332

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി